നടപ്പിലാക്കിവരുന്നു. ഗൾഫിൽ നിന്നും മടങ്ങിയെത്തിയവർക്കും ഗൾഫിലേക്ക് ജോലി തേടി പോകുന്നവർക്കും തൊഴിൽ വൈദഗ്ദ്ധ്യം നേടുന്നതിനും, നിലവിലുള്ള വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനും ഈ പദ്ധതി അവസരങ്ങളൊരുക്കുന്നു.

നിയമസഹായ സെൽ:—പ്രവാസിമലയാളികൾക്ക് നിയമോപദേശം നൽകുക, കേസുകളെ നേരിടാൻ ചർച്ചകൾ ഏർപ്പെടുത്തുക, പൊതുനിയമപ്രശ്നങ്ങൾക്കു വേണ്ടി പ്രവർത്തിക്കുക, സാമ്പത്തിക പിന്നോക്കാവസ്ഥ കാരണം നിയമസഹായം നേടാൻ കഴിയാത്തവർക്ക് അത് ലഭ്യമാക്കുക എന്നിവയാണ് ഈ സെല്ലിന്റെ പ്രധാന ഉദ്ദേശ്യം.

പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യസേവനം പ്രദാനം ചെയ്യുന്നതിന് നടപടി

*14 [367] *ശ്രീ. എ. കെ. ബാലൻ:*

ഡോ. തോമസ് ഐസക്:

ശ്രീ. എ. സി. മൊയ്തീൻ:

„ ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യസേവനം പ്രദാനം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിനായി ജില്ലാ താലൂക്ക് ആശുപത്രികളിലേയും സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങളിലേയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ;

(സി) ഇതിനായി 2004-2005, 2005-2006 ബഡ്ജറ്റുകളിൽ എന്തു തുക വീതം നീക്കിവച്ചു; ഇതിൽ എന്തു തുക ചെലവഴിച്ചു;

(ഡി) ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് സ്വകാര്യപങ്കാളിത്തം ഉറപ്പുവരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ):*

(എ) പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യസേവനം പ്രദാനം ചെയ്യുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി കൊടുക്കുന്നു.†

(ബി) ആശുപത്രികളിലെ സൗകര്യങ്ങളുടെ നിലവാരം ക്രമീകരിച്ച് നിലവിലുള്ള ന്യൂനതകൾ കണ്ടെത്തി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പരിഹരിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടില്ലാത്ത ആശുപത്രികളിൽ പശ്ചാത്തല സൗകര്യം ഒരുക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും മറ്റുമായി 2005-2006-ൽ

†അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

850 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണ നവീകരണ പരിപാടികളുടെ ഭാഗമായുള്ള സേവനപ്രദാന പദ്ധതി പ്രകാരം മാനന്തവാടി (വയനാട്), മഞ്ചേരി (മലപ്പുറം), വയനാട്, ഇടുക്കി ജില്ലാ ആശുപത്രികളിലും 16 താലൂക്ക് ആശുപത്രികളിലും 18 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും വിശദമായ സ്ഥാപന വികസന പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇടുക്കി, മാനന്തവാടി ജില്ലാ ആശുപത്രികൾ, ചേർത്തല, ഹരിപ്പാട്, പാമ്പാടി താലൂക്ക് ആശുപത്രികൾ എന്നിവിടങ്ങളിൽ അധിക കേന്ദ്ര സഹായം ഉപയോഗപ്പെടുത്തിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. നാഷണൽ റൂറൽ ഹെൽത്ത് മിഷൻ പ്രോഗ്രാമിന്റെ ഭാഗമായി ഓരോ ജില്ലയിലേയും രണ്ടു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ ഇന്ത്യൻ പബ്ലിക് ഹെൽത്ത് സ്റ്റാന്റേർഡ് മാനദണ്ഡമനുസരിച്ചുള്ള സൗകര്യങ്ങളൊരുക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) 2004-2005-ൽ പദ്ധതി വിഹിതമായി 101.30 കോടി രൂപ വകയിരുത്തിയതിൽ 68.14 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2005-2006-ൽ 100.35 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ടി തുക ചെലവഴിച്ചുകൊണ്ടിരിക്കുകയാണ്. ഇത് സംബന്ധിച്ചുള്ള കണക്കുകൾ തയ്യാറായിവരുന്നതേയുള്ളു.

(ഡി) ഇല്ല.

പേവിഷബാധയുള്ള നായ്ക്കളെ കൊല്ലാൻ നടപടി

*15 [368] *ശ്രീ. പി. കെ. അബ്ദുറബ്ബ്:*

„ *പി. കെ. കെ. ബാവ:*

„ *സി. മമ്മൂട്ടി:*

„ *ടി. പി. എം. സാഹിർ:*

„ *കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേ ബാധിച്ച പട്ടികൾമൂലം ആളുകൾക്ക് പകരുന്ന മാരകരോഗം തടയുന്നതിനുവേണ്ടിയുള്ള ശ്രമത്തിന്റെ ഭാഗമായി അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളെ നശിപ്പിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(ബി) പേവിഷവാഹകരായ നായ്ക്കളെ, തെരുവുനായ്ക്കളെ കൊല്ലരുതെന്ന നിയമത്തിന്റെ പരിധിയിൽ നിന്നും ഒഴിവാക്കുന്നതിനുവേണ്ടി അടിയന്തിര നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി):*

(എ) അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കൾ മനുഷ്യന് വളരെ ശല്യം ചെയ്യുകയും അവയിൽ നല്ല ശതമാനവും പേബാധയേറ്റതിനാലും അവയുടെ ശല്യം മനുഷ്യന്റെ മരണത്തിനും കാരണമായേക്കാമെന്നതിനാലും അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ പിടിച്ചു നശിപ്പിക്കുന്നതിന് സർക്കാർ നൽകിയിട്ടുള്ള നിരോധന

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[27-7-2005-ലെ നക്ഷത്രചിഹ്നമിട്ട *14(367)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

ഗ്രാമതലത്തിലുള്ള പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും ഉപകേന്ദ്രങ്ങളുടെയും പ്രവർത്തനംമുതൽ ജില്ല, ജനറൽ ആശുപത്രികളിലെ പ്രവർത്തനതലംവരെ എല്ലാ തട്ടിലുമുള്ള ആരോഗ്യസ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടികൾ വിവിധ പദ്ധതികളുടെ ഭാഗമായി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം പകർച്ചവ്യാധി നിയന്ത്രണപരിപാടികളും, വിവിധ ദേശീയ ആരോഗ്യപരിപാടികളുടെ നടത്തിപ്പും കൂടുതൽ ഊർജ്ജസ്വലമായി നടപ്പിലാക്കിവരുന്നുണ്ട്. പ്രധാന നടപടികളുടെ സംക്ഷിപ്തവിവരം താഴെ കൊടുത്തിരിക്കുന്നു:

1. പ്രവർത്തനരഹിതമായിക്കിടന്നിരുന്ന 201 ആശുപത്രികെട്ടിടങ്ങൾ പ്രവർത്തിപ്പിക്കുവാനും ഇവിടെ കിടത്തിചികിൽസ ലഭ്യമാക്കാനുമുള്ള നടപടികൾ സ്വീകരിച്ചു. ഇതിലേക്കായി 335 അസിസ്റ്റന്റ് സർജൻമാരുടെയും 505 നേഴ്സുമാരുടെയും 360 മറ്റ് ആശുപത്രി ജീവനക്കാരുടെയും ഉൾപ്പെടെ 1200 പുതിയ തസ്തികകൾ അനുവദിച്ചു. 83 കേന്ദ്രങ്ങളിൽ കിടത്തിചികിൽസ ഇതിനകം ആരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

2. ആരോഗ്യവകുപ്പ് ഇക്കാലയളവിൽ ഒരു പുതിയ ഔഷധനയം പ്രഖ്യാപിച്ചു. ആരോഗ്യവകുപ്പിലെ പ്രാഥമിക ആരോഗ്യകേന്ദ്രം, താലൂക്കാശുപത്രി, ജില്ലാ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവയിൽ അവശ്യംവേണ്ട ഔഷധങ്ങളുടെ ഒരു ലിസ്റ്റ് ഇതനുസരിച്ച് നിജപ്പെടുത്തുകയും ഔഷധങ്ങൾ ഇതനുസരിച്ച് സെൻട്രൽ പർച്ചേസിംഗ് കമ്മിറ്റിവഴി വാങ്ങി വിതരണം നടത്തിവരികയും ചെയ്യുന്നു.

3. ശാസ്ത്രീയാടിസ്ഥാനത്തിലുള്ള രോഗനിർണ്ണയം കൂടുതൽ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെ സാമ്പത്തികസഹായത്തോടെ (9 കോടി) കൊല്ലം, എറണാകുളം, പാലക്കാട് കേന്ദ്രങ്ങളിൽ ഓരോ റീജണൽ ഡയഗ്നോസ്റ്റിക് ലബോറട്ടറികൾ പണി പൂർത്തിയാക്കുകയും, ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്ത് പ്രവർത്തനം ആരംഭിക്കുന്ന ഘട്ടത്തിലെത്തിയിട്ടുണ്ട്.

4. ജനറൽ ആശുപത്രികൾ, ജില്ലാ/താലൂക്ക് ആശുപത്രികൾ, 100-ൽ അധികം കിടക്കകളുള്ള മറ്റു സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ വിവിധ വിഭാഗം സ്പെഷ്യാലിറ്റി യൂണിറ്റുകളുടെ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനായി ആരോഗ്യവകുപ്പിൽ സ്പെഷ്യാലിറ്റി കേഡർ സംവിധാനം ഗവൺമെന്റ് അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചു. ഇതനുസരിച്ച് 96 സ്ഥാപനങ്ങളിൽ സ്പെഷ്യലിസ്റ്റുകളുടെ പോസ്റ്റുകൾ നിർണ്ണയിക്കുകയും ചെയ്യുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

സ്പെഷ്യാലിറ്റി കേഡർ നടപ്പിലാക്കൽ പൂർണ്ണമായ തോതിൽ ഇനിയും പ്രാവർത്തികമാക്കാൻ ഇരിക്കുന്നതേയുള്ളുവെങ്കിലും ഡോക്ടർമാരുടെ നിയമനത്തിലും, സ്ഥലമാറ്റത്തിലും പരമാവധി ഇതൊരു മാനദണ്ഡമായി എടുക്കുന്നുണ്ട്.

5. 1998 മുതൽ 2005 മാർച്ചുവരെ നടപ്പിലാക്കിയ പ്രജനന ശൈശവ ആരോഗ്യ പരിപാടികളുടെ ഒന്നാം ഘട്ടത്തിന്റെ (ആർ.സി.എച്ച്-1) 13 ജില്ലാ ആശുപത്രികളിലും 75 കമ്മ്യൂണിറ്റി ഹെൽത്ത്സെന്ററുകളിലും 10 ലക്ഷം രൂപ വരെ ചെലവുവരുന്ന രീതിയിലുള്ള പുതിയ ഓപ്പറേഷൻ തിയേറ്ററിന്റെയും പ്രസവമുറികളുടെയും നിർമ്മാണപ്രവർത്തനങ്ങളും മേജർ അറ്റകുറ്റപ്പണികളും നടത്തുകയുണ്ടായി. ഇതുകൂടാതെ 120-ഓളം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ/ഉപകേന്ദ്രങ്ങളിലും ചെറിയ മരാമത്തുപണികൾ നടത്തിയിട്ടുണ്ട്.

പ്രജനന ശൈശവ ആരോഗ്യപരിപാടികളുടെ പാലക്കാട് സബ് പ്രോജക്ടിന്റെ ഭാഗമായി 54 പുതിയ സബ് സെന്ററുകൾ പണിയുകയും, 300 സബ് സെന്ററുകളുടെ അറ്റകുറ്റപ്പണികളും, 100 സബ് സെന്ററുകളിൽ കുടിവെള്ള/വൈദ്യുതി സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു.

കോഴിക്കോട് നഗര-അർബൻ പ്രദേശത്ത് ആർ.സി.എച്ച്. പദ്ധതികളുടെ ഭാഗമായി പ്രാഥമിക ആരോഗ്യപ്രവർത്തനങ്ങൾക്കായുള്ള 9 അർബൻ ഹെൽത്ത് സെന്ററുകൾ പ്രവർത്തനം ആരംഭിക്കുകയുണ്ടായി.

കോഴിക്കോട് ബീച്ച് ആശുപത്രിയിൽ പ്രജനന ശിശു ആരോഗ്യ പരിപാടിയുടെ ഭാഗമായി ഒരു നവജാതശിശുകേന്ദ്രം പണിപൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു.

6. പൊതുജനങ്ങൾക്കു മെച്ചപ്പെട്ട ആരോഗ്യസേവനം പ്രദാനം ചെയ്യുന്നതിന് ഭരണ നവീകരണ പരിപാടിയുടെ ഭാഗമായി 4 ജില്ലാ ആശുപത്രികളിലും 16 താലൂക്ക് ആശുപത്രികളിലും 18 സാമൂഹ്യാരോഗ്യകേന്ദ്രങ്ങളുമടങ്ങുന്ന എല്ലാ ജില്ലകളിൽനിന്നും തെരഞ്ഞെടുത്ത 138 ആരോഗ്യസ്ഥാപനങ്ങളിൽ സേവനപ്രദാന പദ്ധതി നടപ്പിലാക്കിവരുന്നു.

7. മാനസികാരോഗ്യ പദ്ധതികൾ

തിരുവനന്തപുരം, തൃശ്ശൂർ, കോഴിക്കോട് എന്നീ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ വികസനത്തിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. 3 കേന്ദ്രങ്ങളിലും ബിഹേവിയറൽ ഇന്റൻസീവ് യൂണിറ്റുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നുണ്ട്. ഇപ്പോൾ തിരുവനന്തപുരം, തൃശ്ശൂർ ജില്ലകളിൽ നടപ്പിലാക്കിവരുന്ന മാനസികാരോഗ്യ പരിപാടികൾക്ക് പുറമേ ഇടുക്കി, കണ്ണൂർ ജില്ലകൾക്കുകൂടി ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

മാനസികാരോഗ്യ പരിപാടി ദേശീയതലത്തിൽനിന്ന് അംഗീകരിച്ചിട്ടുണ്ട്.

8. യൂറോപ്യൻ കമ്മീഷന്റെ ധനസഹായത്തോടെ ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ ആധുനികവൽക്കരിക്കുന്നതിനും, മെച്ചപ്പെടുത്തുന്നതിനുമുള്ള നിരവധി പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ട്. ഈ പദ്ധതികളുടെ ഭാഗമായി കൊല്ലം ജില്ലയിലെ വിവിധ ആരോഗ്യസ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായി. തിരുവനന്തപുരത്ത് തൈക്കാട്ടുള്ള അമ്മയുടെയും കുഞ്ഞിന്റെയും ആശുപത്രിയുടെ പുതിയ കെട്ടിടനിർമ്മാണം ഇതിന്റെ ഭാഗമായി നടന്നുവരുന്നുണ്ട്. ആരോഗ്യ കുടുംബക്ഷേമ പരിശീലന കേന്ദ്രത്തിന്റെ അറ്റകുറ്റപ്പണികളും, പ്രവർത്തനം മെച്ചപ്പെടുത്താനുള്ള മറ്റു കാര്യങ്ങളും നടത്തുകയുണ്ടായി. ഈ പദ്ധതികളുടെ ഭാഗമായി ഹെൽത്ത് ഇൻഫർമേഷൻ സിസ്റ്റം മെച്ചപ്പെടുത്താനുള്ള പരിപാടികൾ, കമ്പ്യൂട്ടറൈസേഷൻ, ജീവനക്കാരുടെ തൊഴിൽപരമായ ചുമതലകൾ പുനർനിർണ്ണയിക്കുന്ന പദ്ധതി തുടങ്ങിയവ നടത്തിവരുന്നുണ്ട്.

9. ടെലിമെഡിസിൻ പരിപാടി

ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷന്റെ സാങ്കേതിക സഹായത്തോടെ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിലും, തെരഞ്ഞെടുത്ത ജനറൽ/ജില്ലാ/താലൂക്ക് ആശുപത്രികളിലും അഗളി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിലും ടെലിമെഡിസിൻ സംവിധാനം ആരംഭിക്കുവാനുള്ള നടപടികൾ പൂർത്തിയായിവരികയാണ്.

10. എയ്ഡ്സ് രോഗപരിപാടികളുടെ ഭാഗമായി ആലപ്പുഴ, തൃശൂർ മെഡിക്കൽ കോളേജുകളോടനുബന്ധിച്ചും, തൊടുപുഴ താലൂക്ക് ആശുപത്രി, പത്തനംതിട്ട ജനറൽ ആശുപത്രി, മാനന്തവാടി ജില്ലാ ആശുപത്രി എന്നിവിടങ്ങളിൽ വോളന്ററി കൗൺസിലിംഗ് ആന്റ് ടെസ്റ്റിംഗ് സെന്ററുകൾ ആരംഭിക്കുകയുണ്ടായി. എയ്ഡ്സ് രോഗബാധിതർക്ക് സൗജന്യ ഔഷധവിതരണം നടത്തുന്നതിനുള്ള പരിപാടിയും ആരംഭിക്കുകയുണ്ടായി. ആദ്യപടിയായി സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജുകളിലും പദ്ധതി നടപ്പിലാക്കുകയുണ്ടായി.

11. പരിഷ്കരിച്ച ക്ഷയരോഗ നിയന്ത്രണപരിപാടി സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും കാര്യക്ഷമമായും സൗജന്യമായും നടപ്പിലാക്കിവരുന്നുണ്ട്.

12. ദേശീയ കുഷ്ഠരോഗ നിയന്ത്രണപരിപാടി, ദേശീയ അന്ധതാനിവാരണ പരിപാടി തുടങ്ങിയ ദേശീയ ആരോഗ്യപരിപാടികൾ സംസ്ഥാനത്ത് ഊർജ്ജസ്വലമായി നടപ്പിലാക്കിവരുന്നുണ്ട്.

13. സംയോജിത സാംക്രമിക രോഗനിരീക്ഷണ പരിപാടിയും സംസ്ഥാനത്ത് (ഐ.ഡി.എസ്.പി.) ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

14. പോളിയോനിർമ്മാർജ്ജനത്തിനായുള്ള പൾസ് പോളിയോ പരിപാടി, മന്തുരോഗനിർമ്മാർജ്ജനത്തിനുള്ള എം.ഡി.എ. പ്രോഗ്രാം, ലൈംഗിക രോഗം

LIBRARY ARCHIVES Kerala Legislative Assembly